# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ :** 5761/11/12/2025/

പരാതികക്ഷി അഡ്വക്കേറ്റ് എൻ സബീന,ബിസ്മി, പെരുകാവ്
തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി** 07.11.2025

ഹർജികക്ഷിയും ഭർത്താവും സീനിയർ സിറ്റിസൺ ആണെന്നും, ഭർത്താവ് സ്ട്രോക്ക് വന്ന് ചികിത്സയിൽ ആണെന്നും, തങ്ങളുടെ വീടിൻറെ ഇടതുവശം താമസിക്കുന്ന പോലീസ് ഉദ്യോഗസ്ഥനായ എതിർകക്ഷി രാകേഷിൻ്റെ വീട്ടിൽ നിന്നും മലിനജലം പുറത്തേക്ക് വിടുന്നതിനെതിരെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ ഒരു പരാതി നൽകുകയുണ്ടായി എന്നും, പരാതി കൊടുത്തതിന്റെ പ്രതികാരത്തിൽ രാകേഷും ഭാര്യയും ചേർന്ന് തങ്ങളെ മാനസികമായി ബുദ്ധിമുട്ടിക്കുന്ന പ്രവർത്തികൾ ചെയ്തു വരുന്നതായും,എ തിർകക്ഷികളുടെ പ്രവർത്തികൾ കാരണം മനസ്സമാധാനമായി വീട്ടിൽ കഴിയുന്നതിനോ വീടിനു പുറത്തിറങ്ങി നിൽക്കാനോ സാധിക്കാത്ത സാഹചര്യമാണെന്നും, തങ്ങൾക്ക് സ്വസ്ഥമായും സമാധാനപരമായി ജീവിക്കാനുള്ള അന്തരീക്ഷം ഉണ്ടാക്കി തരണമെന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ മലയിൻകീഴ് പോലീസ് ഇൻസ്പെക്ടർ 20.08.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ആവലാതികാരിയുടെ പരാതി സംബന്ധിച്ച് നിലവിൽ മറ്റ് പ്രശ്നങ്ങൾ ഒന്നും ഇല്ല എന്നും എതിർകക്ഷിയുടെ വീട്ടിൽ നിന്നും മലിനജലം ഒഴുക്കി വിടുന്ന കാര്യം പരിശോധിച്ചതിൽ അത്തരം കാര്യങ്ങൾ ഒന്നും കാണാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും, ആവലാതിക്കാരിയോട് മോശമായി സംസാരിച്ചു എന്നത് പരിസരവാസികളോടും മറ്റും അന്വേഷണം നടത്തിയതിൽ ഈ കാര്യം കണ്ടതായി ആരും തന്നെ മൊഴി പറഞ്ഞിട്ടില്ലാത്തതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 07.11.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. മഴവെള്ളം ഒഴുക്കിവിടുന്നതിനെതിരെ അല്ല പരിസരവാസികൾ പരാതി നൽകിയിട്ടുള്ളതെന്നും മലിനജലം ഒഴുക്കിവിടുന്നതിനെതിരെയാണ് പരാതി നൽകിയിട്ടുള്ളതെന്നും, താൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷിയെ സ്റ്റേഷനിൽ വിളിച്ചുവരുത്തി താക്കീത് നൽകിയിട്ടുള്ളതാണെന്നും ആയത് റിപ്പോർട്ടിൽ

കാണുന്നില്ല എന്നും, ഇപ്പോഴും എതിർകക്ഷികൾ മാനസികമായി ബുദ്ധിമുട്ടിക്കുന്ന പ്രവർത്തികളിൽ ഏർപ്പെടുന്നുണ്ടെന്നും ആക്ഷേപത്തിൽ പറയുന്നു.

4. എതിർകക്ഷിയിൽ നിന്ന് ഇപ്പോഴും ശല്യവും ബുദ്ധിമുട്ടും അനുഭവപ്പെടുന്നു എങ്കിൽ ആയത് കാണിച്ച് കാട്ടാക്കട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് പരാതി നൽകുക. അപ്രകാരം പരാതി ലഭിച്ചാൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പ്രാഥമികമായ അന്വേഷണം നടത്തേണ്ടതും, പരാതികക്ഷിയുടെ മൊഴി രേഖപ്പെടുത്തേണ്ടതുമാണ്. പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കാട്ടാക്കട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ